# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## കുട്ടികളോടുള്ള നമ്മുടെ ചുമതലകളെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പ



"ജന്മം നൽകി ഈ ലോകത്തേയ്ക്ക് കുഞ്ഞുമക്കളെകൊണ്ടുവരുന്നതിലൂടെ നാം അവർക്ക് ചില വാഗ്ദാനങ്ങൾ നൽകുകയാണ് ചെയ്യുന്നത്" എന്ന് ബുധനാഴ്ചകളിൽ നടത്താറുള്ള തന്റെ പൊതുപ്രസംഗപരമ്പരയിൽ കുടുംബങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പാപ്പാ പറഞ്ഞു.
"ഈ വാഗ്ദാനങ്ങളിൽ ഏറ്റവും മഹത്തായത് സ്നേഹമാണ്; എല്ലാ കുട്ടികളും വിശ്വസിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നത് അവൻ അല്ലെങ്കിൽ അവൾ സ്നേഹിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുമെന്നാണ്." ഒക്ടോബർ 14-ന് സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ തടിച്ചു കൂടിയ ജനാവലിയോടായി ഇംഗ്ലീഷ് ഭാഷയിൽ പാപ്പാ തുടർന്നു."എപ്പോഴെങ്കിലും ഈ വാഗ്ദാനങ്ങൾ നിറവേറ്റപ്പെടാതിരിക്കുമ്പോൾ അത് ഈശോയോടുള്ള ഒരു നിന്ദയായി മാറുകയും, അവരുടെ മാലാഖമാർ ദൈവസന്നിധിയിൽ ഉണ്ട് എന്ന് നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. (ഇള. ങ. െ 18:10)" പാപ്പാ കൂട്ടി ചേർത്തു.
"മാമ്മോദീസാ എന്ന കൂദാശയിലൂടെ സഭയും കുട്ടികളോടുള്ള ചില കടമങ്ങൾ "ഏറ്റെടുക്കുന്നു. മാതാപിതാക്കളും ക്രിസ്തീയസഭ മുഴുവനും പാലിക്കേണ്ട ചില കടമകൾ. ഉണ്ട്. പാപ്പാ തുടർന്നു," മാനുഷികമായ സ്നേഹം നല്കുന്നതിലൂടെ ഓരോ കുഞ്ഞുമക്കളെയും സ്നേഹിക്കുന്ന ദൈവത്തിന്റെ സാന്നിധ്യം അനുഭവിക്കുകയാണ് ചെയ്യുന്നത്. കുട്ടിക്കാലത്തുതന്നെ ദൈവത്തിനുവേണ്ടി കുറച്ച് സ്ഥലം നമ്മുടെ ഹൃദയങ്ങളിൽ സൂക്ഷിച്ചുകൊണ്ട് ദൈവവുമായുള്ള ഈ നിഗൂഢബന്ധം പരിപോഷിപ്പിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്."
തന്റെ മുന്നിലുള്ള മതാപിതാക്കളോടായി ഫ്രാൻസിസ് പാപ്പാ കൂട്ടിച്ചേർത്തു. "മാതാപിതാക്കളേ, നിങ്ങൾ കുട്ടികളോട് കാണിക്കുന്ന സ്നേഹംവഴി, അവർക്ക് തങ്ങളോടും തങ്ങളുടെ വ്യക്തിത്വത്തോടും ദൈവത്തിന്റെ പ്രത്യേക മകൻ അല്ലെങ്കിൽ മകൾ എന്ന നിലയിൽ ആദരവും സ്നേഹവും ഉള്ളവാക്കുന്നതിനു സഹായിക്കുന്നു. കുഞ്ഞുമക്കളെപ്പോലെ ആകുവാനാണ് യേശു നമ്മളെ പഠിപ്പിച്ചിട്ടുള്ളത്. നമ്മുടെ കുഞ്ഞുങ്ങളെയും കുടുംബത്തെയും സംരക്ഷിക്കുകയും സ്നേഹിക്കുകയുംവഴി നമുക്ക് കുഞ്ഞുങ്ങൾവഴിയും കുടുംബങ്ങൾവഴിയും ദൈവത്താൽ ലഭിച്ചിട്ടുള്ള കടമകളെ നിറവേറ്റാം."